ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) കമ്പളങ്ങിയിൽ ശുദ്ധജലക്ഷാമമുണ്ട്.

(ബി) ഉവ്വ്.

(സി) നിവേദനത്തിലെ സംഗതികൾ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. അലക്സാണ്ടർ വാകയിൽ: അവിടത്തെ ശുദ്ധജലക്ഷാമത്തിന് ഉടനെ പരിഹാരമുണ്ടാക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതു വേറെ സംഗതികളെക്കൂടി ആശ്രയിച്ചിരിക്കുന്ന കാര്യമാണ്.

ശ്രീ. എ. പി. ഉദയഭാനു: കമ്പളങ്ങിയിൽ മാത്രമല്ലല്ലൊ, തീരപ്രദേശത്തു മുഴുവൻ ശുദ്ധജലക്ഷാമമില്ലേ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. എ. പി. ഉദയഭാനു: അതെല്ലാം പരിഹരിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജാൺ: അതെ.

മിനറൽസ് കമ്പനിയിലെ ജോലി

*൯൫൦. (ചോ൯) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) Associated Minerals Co., ജോലി നിറുത്തിവച്ചിട്ട് എത്രകാലമായി; അതുമൂലം എത്രയാളുകൾക്ക് തൊഴിലില്ലാതായിട്ടുണ്ട്;

(ബി) പ്രസ്തുത കമ്പനിയിലെ ജോലിക്കാരുടെ ശമ്പളവും മറ്റും കുടിശ്ശിഖ ഇട്ടിട്ടുണ്ട് എന്നു പറയുന്നതു് വാസ്തവമാണോ;

(സി) കമ്പനി താമസിയാതെ, വീണ്ടും ജോലിയാരംഭിക്കുന്നതിനുവേണ്ട നടപടി ഗവൺമെണ്ട് എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) എ. എം. സി. യിൽ ജോലി നിറുത്തിവെച്ചിട്ട് ഒന്നേകാൽ വർഷത്തോളമായി. അതുമൂലം ൪൦൦ പേർക്ക് തൊഴിലില്ലാതായിട്ടുണ്ട്.

(ബി) അവർക്ക് ൧൯൫൪ലെ നോട്ടീസു വെച്ചു്, ചവറ മിനറൽസ് കമ്പനികളെ സംബന്ധിച്ചുള്ള ആർബിട്രേഷൻ അവാർഡ് അനുസരിച്ച് ൧൯—൧൯—൧൯൫൫ മുതൽക്കുള്ള ഇൻക്രീസ്ഡ് വേജസ്, ൧൯൫൬, ൫൭, ൫൮ എന്നീ കൊല്ലങ്ങളിലെ ബോണസ് എന്നിവ കുടിശ്ശിഖ ഇനങ്ങളിൽ കിട്ടാനുണ്ട്.

(സി) ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ കുടിശ്ശികത്തുപ്പ് ആരാണ് കൊടുക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ആ ചെലവു വഹിക്കേണ്ടതു കമ്പനിയിൽനിന്നാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ കമ്പനി ഗവൺമെണ്ട് വിലയ്ക്കു വാങ്ങുവാൻ ഉദ്ദേശിച്ചിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ നിലയ്ക്കു കടിശ്ശിക തുക ആരു കൊടുത്തു തീർക്കണം?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി വിലയ്ക്ക് എടുക്കുമ്പോൾ കടിശ്ശിക ശമ്പളവും മറ്റും ഗവണ്മെണ്ടു് കൊടുക്കുന്നതാണു്. ആ തുക വിലയിൽ തട്ടിക്കിഴിക്കുന്നതായിരിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഗവണ്മെണ്ടു് ഇതുവരെ കമ്പനി വിലയ്ക്കു എടുത്തു കഴിഞ്ഞതില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായിക്കഴിഞ്ഞില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ കമ്പനി വിലയ്ക്കെടുക്കാമെന്നു് ഗവണ്മെണ്ടു് തീരുമാനിക്കുവാനുണ്ടായ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലെന്നു ഗവണ്മെണ്ടിനെ അറിയിച്ചതുകൊണ്ടു്.

കറണ്ട് ശമ്പളം

*൯ ൪൧. (൯ ൦) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ഗവണ്മെണ്ടു് ജീവനക്കാരുടെ കറണ്ട് ശമ്പളം എത്ര രൂപയാണെന്നു പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സംസ്ഥാനത്തെ ഗവണ്മെണ്ടുജീവനക്കാരുടെ കറണ്ട് ശമ്പളം ൨ ൦ രൂപായും ക്ഷാമബത്ത ൨ ൦ രൂപയുമാണു്.

ശ്രീ. കെ. കുട്ടപ്പൻ: അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കെ. എ. മാത്യു: പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിലെ കറണ്ട് ശമ്പളം എന്താണു്?

ശ്രീ. എ. ജെ. ജോൺ: അതും ഇരുപതു രൂപയാണു്.

ശ്രീ. കെ. എ. മാത്യു: ൨ ൦ രൂപയും കിട്ടാത്തവരുണ്ടെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കണ്ടിജൻസിയിൽപെട്ട വല്ലവർക്കും ൨ ൦ രൂപ കിട്ടാതിരുന്നേക്കാം.

ശ്രീ. കെ. എ. മാത്യു: അവർക്കുകൂടി ൨ ൦ രൂപാ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ഇപ്പോൾ ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിൽ കണ്ടിജൻസി ഏർപ്പാടിൽ ആകെ എത്ര രൂപ ശമ്പളം കൊടുക്കുന്നുണ്ടു്?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കു് എന്റെ കൈവശമില്ല. ഒരു വലിയ തുക കൊടുക്കുന്നുണ്ടെന്നാണു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly